(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ വിധി നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ് ;

(ഇ) ഈ കേസിന് സുപ്രീം കോടതിയിൽ അപ്പീൽ പോകുവാൻ തീരുമാനിച്ചുവോ ;

(എഫ്) അഞ്ചുവർഷമായി തുച്ഛമായ അലവൻസിന് പണി എടുക്കുന്ന ട്രെയിനിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമാനുസൃതം ട്രെയിനികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്നാണ് ഹൈക്കോടതി വിധി.

(സി-ഇ) സർക്കാർ നിർദ്ദേശ പ്രകാരം ഹൈക്കോടതി വിധിയിന്മേൽ കമ്പനി സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. സുപ്രീം കോടതിയുടെ സ്റ്റേ ഉള്ളതിനാൽ ഹൈക്കോടതി വിധി നടപ്പിലാക്കിയിട്ടില്ല.

(എഫ്) ഇതു സംബന്ധിച്ച സുപ്രീം കോടതിയുടെ വിധിക്കനുസൃതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അലൂമിനിയം ഇലക്ട്രോലിറ്റിക് കപ്പാസിറ്റർ

22 (2019) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ കെൽട്രോൺ കംപോണന്റ്സ് അലൂമിനിയം ഇലക്ട്രോലിറ്റിക് കപ്പാസിറ്റർ നിർമ്മിക്കുന്നുണ്ടോ ;

(ബി) ഈ സ്ഥാപനം തായ്ലണ്ടിൽനിന്ന് പ്രസ്തുത ഉത്പന്നം ഇറക്കുമതി ചെയ്യുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെ എത്ര എണ്ണം ഇറക്കുമതി ചെയ്തിട്ടുണ്ട് ;

(ഡി) ഈ ഉല്പന്നം ഇറക്കുമതി ചെയ്യാതെ ഉത്പാദനം വർദ്ധിപ്പിച്ച് വ്യാപാരാവശ്യങ്ങൾ നേരിടുവാൻ കഴിയുമോ എന് വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെമിഫിനിഷ്ഡ് ഇലക്ട്രോലിറ്റിക് കപ്പാസിറ്റർ ഇറക്കുമതി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1999-2000 വർഷത്തിൽ 2,89,46,000 കപ്പാസിറ്ററുകൾ നിർമ്മിക്കുവാൻ ആവശ്യമായ സെമിഫിനിഷ്ഡ് കപ്പാസിറ്ററുകൾ ഇറക്കുമതി ചെയ്തിട്ടുണ്ട്.

(ഡി) കഴിയില്ല.

(ഇ) സ്ഥാപിതശേഷിയിലുള്ള പരിമിതി കാരണമാണ് ഉത്പാദനം വർദ്ധിപ്പിച്ച് വ്യാവസായിക ആവശ്യം നേരിടുവാൻ കഴിയാത്തത്.

പൊതുമേഖലാസ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്രകൾ

23 (2020) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിലുള്ള കമ്പനികളിലെ ചീഫ് എക്സിക്യൂട്ടീവുകൾ, എം.ഡി. മാർ എന്നിവർ ഓരോരുത്തരും ഏതെല്ലാം രാഷ്ട്രങ്ങളാണ് സന്ദർശിച്ചത് ;

(ബി) ഇതിനായി ഓരോരുത്തർക്കും ഗവൺമെന്റിൽ നിന്നും കമ്പനികളിൽ നിന്നും ഓരോ യാത്രയ്ക്കും എന്തു തുക ചെലവായിട്ടുണ്ട് ;

(സി) ഈ യാത്രയുടെ ഫലമായി ഏതെല്ലാം കമ്പനികൾക്ക്, പൊതുമേഖലാസ്ഥാപനങ്ങൾക്ക് എത്ര വിദേശ ഓർഡറുകൾ ലഭിച്ചു ; വിശദമാക്കാമോ ;

(ഡി) ഈ ഓർഡറുകൾ അനുസരിച്ച് ഏതെല്ലാം കമ്പനികൾ എത്ര ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു ;

(ഇ) ഈ കയറ്റുമതിയിൽ ഓരോ കമ്പനിയും/ സ്ഥാപനത്തിനും ലാഭമോ നഷ്ടമോ എത്ര ;

(എഫ്) ഈ കാലയളവിൽ വിദേശ പര്യടനം നടത്തിയിട്ടും യാതൊരു വിദേശ ഓർഡറുകളും ലഭിക്കാത്ത കമ്പനികൾ ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(ജി) വിദേശ ഓർഡറുകൾ ലഭിക്കാത്തതിനാൽ കമ്പനിയും സർക്കാരും ലക്ഷക്കണക്കിന് രൂപ നഷ്ടം ഉണ്ടാക്കിയ ചീഫ് എക്സിക്യൂട്ടീവുകൾക്കും എം.ഡി. മാർക്കും എതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി & എച്ച്) വിശദവിവരം ശേഖരിച്ച് വിശകലനം ചെയ്തശേഷമേ എന്തെങ്കിലും നടപടി ആവശ്യമുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly